<u>**14 -ാം കേരള നിയമസഭ**</u>

<u>**22 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2436**</u> <u>**21-01-2021 - ൽ മറുപടിയ്ക്ക്**</u>

<u>**പ്രവർത്തനം നിർത്തിയ ചെറുകിട ,ഇടത്തരം സംരംഭങ്ങൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | 2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്നുണ്ടായ സാഹചര്യങ്ങൾ മൂലം സംസ്ഥാനത്ത് എത്ര ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രവർത്തനം നിർത്തിയിട്ടുണ്ട് എന്ന വിവരം ജില്ല തിരിച്ച് അറിയിക്കുമോ ; | (എ) | ജില്ല 2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്നു സംസ്ഥാനത്ത് പ്രവർത്തനം നിർത്തിയ ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണം ------------------------------------------------------------------------------------- തിരുവനന്തപുരം 0 കൊല്ലം 1 പത്തനംതിട്ട 8 ആലപ്പുഴ 0 കോട്ടയം 0 ഇടുക്കി 10 എറണാകുളം 8 തൃശ്ശൂർ 9 പാലക്കാട് 3 മലപ്പുറം 2 കോഴിക്കോട് 3 വയനാട് 0 കണ്ണൂർ 1 കാസർഗോഡ് 0 ആകെ 45 |
| (ബി) | പ്രസ്തുത സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | 2018 പ്രളയവുമായി ബന്ധപ്പെട്ട്   വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 17/12/2018 ലെ സ.ഉ (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ കണ്ടെത്തിയ ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തുകയുണ്ടായി. ഈ പദ്ധതി പ്രകാരമുള്ള മാർജിൻ മണി/ പലിശ സബ്സിഡി ആനുകൂല്യം ദുരന്ത നിവാരണ വകുപ്പ് മുഖാന്തിരമാണ് അനുവദിക്കുന്നത്. വ്യവസായ വകുപ്പിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ  പദ്ധതികൾ 1. പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി) 2. പ്രളയം ബാധിച്ച സൂക്ഷ്മ |

| | | | |
|---|---|---|---|
| | | | ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി) 2019 -ലെ പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (സി) | നിലവിൽ സംസ്ഥാനമൊട്ടാകെ എത്ര ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വ്യവസായ ജാലകം പോർട്ടലിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 141548 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ